മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പഴഞ്ഞി വില്ലേജിലേക്കു കുന്ദംകുളത്തുനിന്നു അടക്ക കൊണ്ടുവരണമെങ്കിൽ T P 3 ഫാറം വേണമെന്നു പറയുന്നതിൽ എന്താണു അർത്ഥം?

റാവു ബഹദൂർ ടി കെ. നായർ: അതിനു ആദ്യംതന്നെ നിയമം മാറണം. അതു തീർച്ചയായിട്ടുണ്ടു താമസമേയുള്ളു. T P 3 ഫാറം എന്തിനൊക്കെയാണു" ഇൻഡ്യൂസ്" ചെയ്തിരിക്കുന്നതു" എന്നു നോക്കിട്ടു വേണം അതിനു മറുപടി പറയുവാൻ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ T P 3 ഫാറം എടുത്തു കളയണമെന്നു ഫാറം കക്കടകം മുതൽ ഇവിടെ റപ്രസന്റേഷൻസുണ്ടായിട്ടില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസു" വേണം.

മിസ്റ്റർ പാറമേൽ ഐപ്പു" ഐപ്പു": ഈ T P 3 ഫാറം ഉപയോഗിക്കുന്നതു പച്ച അടക്ക സ്ഥലമാറ്റം ചെയ്യുന്നതിനുകൂടി വേണ്ടതാണു". പച്ച അടക്ക കൈമാറ്റം ചെയ്യുന്നവരിൽ ഭൂരിപക്ഷവും അക്ഷരജ്ഞാനമില്ലാത്തവരാണെന്നു ഗവൺമെണ്ടിനറിയാമോ?

റാവു ബഹദൂർ ടി. കെ. നായർ: അധികവും അതരക്കാരാണു".

മിസ്റ്റർ പാറമേൽ ഐപ്പു" ഐപ്പു": അവരുടെ ബുദ്ധിമുട്ടു തീർക്കുന്നതിനു വല്ല നിവാരണവും ഉണ്ടാക്കുവാൻ ഗവൺമെണ്ടിനു സാധിക്കുമോ?

റാവു ബഹദൂർ ടി. കെ. നായർ: ഇവിടെ ബുദ്ധിമുട്ടുണ്ടെന്നു പറയുന്ന സ്ഥിതിക്കു അന്വേഷണം നടത്തിയതിന്റെ ശേഷം മറുപടി പറയാം.

EXCISE OFFICE—PAZHANJI—T P 3 FORMS AND BOOKS

54. Mr. Paramel Ipe Ipe (*Kunnamkulum*): Will Government be pleased to state.—

(*a*) the number of T P 3 forms and the number of T P 3 form books sent and used at the Special Excise office, Pazhanji, during the last arecanut season;

(*b*) how many T P 3 forms and T P 3 form books have been sent up to the above office during this season?

Rao Bahadur T. K. Nayar (*Minister for Public Health*):

		Forms	*Books*
(*a*) Sent	..	21,250	425
Issues	..	15,500	310
(*b*)	..	8,500	170

COIR TRADE COMMITTEE

55. Mr. P. T. Jacob (*Latin Christians-Mattancheri*): Will Government be pleased to state.—

(*a*) what is the "Coir Trade Committee"; when was it started and who are the members of the said Committee;

(*b*) were there a Coir Trade Committee in Travancore also;

(*c*) had these two committees any joint function or any understanding as to the division of war supplies as the share for Cochin Coir Traders and for that of the Travancore traders;

(*d*) if so, what was the proportionate basis on which such Military orders were disbursed to the coir traders in Cochin and Travancore by the said committees,

(*e*) what was the means adopted by the Cochin and Travancore Committees in ascertaining the quantum to be apportioned to each Trader from the total orders received at a time;

(*f*) were there any difference in allotment to Traders in Cochin and Travancore; if so, what was it?

Mr. C. R. Iyyunni (*Minister for Revenue*):

(*a*) The Coir Trade Committee is a Committee constituted jointly by the Travancore and Cochin Governments to handle Military orders. It was started on 16th December 1943. The members were the following.—

One Chairman (The Diwan of Travancore).
One Official
Four members to represent Travancore Trade Interests.
One member to represent Travancore Yarn dealers' interests.
Two members to represent Travancore Yarn producers' interests.
One member to represent Yarn bailing interests.

} Nominated by the Government of Travancore.

LIBRARY ARCHIVES Kerala Legislative Assembly

One Official (Director of Industries and Commerce).
Two members to represent Cochin Trade interests. (Mr. Ramdas Krishna Das, Cochin and Mr. H. E. Day till October 1946 and Mr. M.E.M. Day afterwards).
One member to represent Cochin Producers' interests. (Mr. B. M. Peter).
} All nominated by the Government of Cochin.

(*b*) There was no independent Coir Trade Committee for Travancore.

(*c*) The Coir Trade Committee was functioning as a whole (though for convenience the Committee divided into two sections). The Committee had a decision regarding division of war supplies.

(*d*) 95 % of the orders for mats and mattings and 5% of the orders for coir yarn and cordage went to Travancore and 95% of coir yarn and cordage coir and 5% of mats and mattings came to Cochin.

(*e*) This was ascertained through the Coir Association both in Cochin and in Travancore

(*f*) No.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ കമ്മിറ്റി ഇപ്പോഴും നിലവിലുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കൊച്ചിക്കു പ്രത്യേകിച്ചു കമ്മിറ്റിയുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: രണ്ടിനുംകൂടി ഒരു കമ്മിറ്റിയാണ്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: തിരുവിതാംകൂറിലുണ്ടോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: മിലിട്ടറി ആർഡേഴ്സ് അവസാനിച്ചതോടുകൂടി എല്ലാത്തിന്റെ പ്രവർത്തനവും തീർന്നു എന്നാണറിയുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഒരു റോഡു് ആലാത്തു പിരിക്കുന്നതിനുവേണ്ടി ഈ കമ്മിറ്റിക്കു കൊടുത്തിരുന്നുവോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: ഉവ്വു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ റോഡ് ഇപ്പോഴും ആലാത്തുപിരിക്കുവാൻ ഉപയോഗിക്കുന്നതായി ഗവൺമെണ്ടിന്നറിയാമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: അറിവില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതിനെപ്പറ്റി റവന്യുമന്ത്രിക്കോ, ഗവൺമെണ്ടിനോ വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: ആദ്യം മുനിസിപ്പാലിറ്റിയുടെ ആക്ഷേപമുണ്ടായിരുന്നു. പിന്നെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ആക്ഷേപകന്റെ അപേക്ഷപ്രകാരം ഒരു കമ്പനിക്കു വിട്ടുകൊടുത്തു എന്നാണ് ഗവൺമെണ്ടിന്റെ അറിവു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പൊതു ആവശ്യത്തിനുവേണ്ടി കുടികിടപ്പുകാരെ ഒഴിപ്പിച്ചു സ്ഥലം എടുത്തതിനുശേഷം കച്ചവടക്കാരുടെ ആവശ്യത്തിനു കൊടുക്കുന്നതു നീതിയാണെന്നു ഗവൺമെണ്ടിനു പറയാമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: അതിനുവേണ്ടി കുടികിടപ്പുകാരെ ഒഴിപ്പിച്ചു എന്നു പറഞ്ഞില്ല. മുമ്പ് മുനിസിപ്പാലിറ്റിക്കു റോഡുണ്ടാക്കുന്നതിനുവേണ്ടി സ്ഥലം അകപ്പെയർ ചെയ്തു. ആ സ്ഥലം റോഡുണ്ടാക്കാതെ വെറുതെ കിടന്നിരുന്നു. അതുകൊണ്ടു് ആലാത്തു പിരിക്കുന്നതിനുവേണ്ടി അവർക്കു കൊടുത്തു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കഴിയുന്നതുംവേഗം സ്ഥലം ഒഴിവാക്കികൊടുക്കണമെന്നു മുനിസിപ്പാലിറ്റി പലപ്രാവശ്യം പാസ്സാക്കി അയച്ചിട്ടുള്ളതായി ഗവൺമെണ്ടിന്നറിയാമോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അയച്ചിട്ടുള്ളതൊക്കെ ശരിയാണ്. മുനിസിപ്പാലിറ്റിക്കു റോഡുപണിയുവാൻ ഇപ്പോൾ ഉദ്ദേശമില്ല. മുനിസിപ്പാലിറ്റിക്കു ഇതൊരു വരുമാനമാണ്. ഒഴിപ്പുകിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞിട്ടുണ്ടു്. റോഡ് ഉടനെ പണിയുന്നുമില്ല. അതുകൊണ്ടു് അവരെ ഒഴിപ്പിക്കണമോ എന്നു ആലോചിക്കുക.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോഴും ആലാത്തുപിരി നടക്കുന്നുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോഴും ഉണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: വളരെ ആളുകൾക്കു അവിടെ ജോലികൊടുത്തിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്ബ്: എത്ര ആളുകൾക്ക ജോലി കൊടുക്കുന്നുണ്ട്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവപതോളം ആളുകൾക്ക് ജോലി കൊടുക്കുന്നുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവപതാളുകൾക്ക ജോലി കൊടുക്കുന്ന എന്ന കാരണംകൊണ്ട് പത്തുറുണ്ടായിരം ആളുകൾക്ക വിരോധമായ ഒരു നില ഗവമ്മെണ്ട സ്വീകരിക്കുന്നത് ശരിയാണൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: റോഡുപണിയുന്നില്ലാത്തതുകൊണ്ട് ആലാത്തു പിരിപ്പിക്കുന്നതിന്ന അനുവദിച്ചു അതിന്നുവേണ്ട സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ഈ സ്ഥലം ഗവമ്മെണ്ട് എടുത്തുകഴിഞ്ഞാൽ തങ്ങൾക്ക തൊഴിലില്ലാതായിതീരുമെന്ന പറഞ്ഞുകൊണ്ട് അവിടത്തെ തൊഴിലാളികളിൽനിന്ന വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഉണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: നാലും ആറും മാസത്തിൽ ഒരിക്കൽ മാത്രമാണ് അവിടെ ഇപ്പോൾ ആലാത്തു പിരി നടക്കുന്നതെന്ന ആക്ഷേപം വല്ലതും ഉണ്ടായിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഉണ്ട്. ഗവമ്മെണ്ടിന്ന ഈ കാര്യത്തിൽ ഒരുനിബ്ബന്ധവുമില്ല. അവിടെ റോഡുതുറന്നിട്ടുണ്ട് മെറ്റൽചെയ്തിട്ടില്ല. ഈ റോഡിൽക്കൂടി എല്ലാവക്കും നടക്കാം. ആലാത്തു പിരിക്കുകയാണെങ്കിൽ മുനിസിപ്പാലിറ്റിക്ക വരായ്കയും കിട്ടും. ആക്കും ഉപദ്രവവുമില്ല. ഈ ആവശ്യമതന്നെ കൊടുക്കണമെന്ന ഗവമ്മെണ്ടിന്ന യാതൊരുദ്ദേശവുമില്ല. തൊഴിലാളികളുടെ ഗുണത്തെ ഉദ്ദേശിച്ച് ഈ ആവശ്യം വെറെ സ്ഥലമെടുത്തുകൊടുക്കുവാൻ ഗവമ്മെണ്ട ഉദ്ദേശിക്കുന്നുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കൊച്ചിയിൽ പത്തമ്പതു കൊല്ലങ്ങൾക്കുമുമ്പ് മുതൽ പത്തുനാല്പതു കച്ചവടക്കാർ ഈ ജോലി നടത്തിവരുന്നതായി ഗവമ്മെണ്ടിന്നറിയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഈ ആവശ്യമതന്നെ കൊടുക്കണമെന്ന നിബ്ബന്ധം ഗവമ്മെണ്ടിന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇരുന്നൂറിൽ ചിലപ്പോൾ വീട്ടുകാർ താമസിച്ചിരുന്ന സ്ഥലം മുഴുവൻ ആളുകൾക്ക ജോലികൊടുക്കുമെന്നപേരിൽ പതിച്ചു കൊടുക്കുമെന്ന പറയുന്നതിൽ എന്താണ് അർത്ഥം?

Mr. President: How does that question arise? Will the Hon'ble Member please explain?

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മിലിട്ടറിയുടെ പേരിലാണ് ഈ റോഡ് ഈ ആശ്രയത്തിവിട്ടുകൊടുത്തത്. ഈ ആവശ്യം കഴിഞ്ഞതിനുശേഷവും ഗവമ്മെണ്ടിന്റെ മുമ്പാകെ മട്ടാഞ്ചേരി മുനിസിപ്പാലിറ്റി ആക്ഷേപം രേഖപ്പെടുത്തിയിട്ടും ഗവമ്മെണ്ട് നിർബ്ബന്ധിച്ച് വീണ്ടും മുനിസിപ്പാലിറ്റിയെകൊണ്ട് ഈ വിധത്തിൽ ചെയ്യിച്ചിരിക്കുന്നത് എന്തിനെന്നാണ് ചോദിക്കുന്നത്.

Mr. President : The Hon'ble Member's question is about the Coir Trade Committee.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: Yes this is about coir. I shall explain. കമ്മിറ്റിയുടെ ആവശ്യത്തിന്നാണ് സ്ഥലം അന്ന് ഗവമ്മെണ്ട് ഒഴിപ്പിച്ചെടുത്തത്. കമ്മിറ്റിയുടെ ആവശ്യം കഴിഞ്ഞിട്ടും ആ സ്ഥലം മുനിസിപ്പാലിറ്റിയെ ഏല്പിക്കാത്തതിന്റെ ഉദ്ദേശം എന്താണെന്നാണ് ചോദിക്കുന്നത്.

Mr. President : I think that point has been sufficiently answered.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: I have another question. ൻ @ ശതമാനം ഇളവു കച്ചവടക്കാക്ക് അനുവദിച്ചിട്ടുണ്ടെന്ന പറഞ്ഞു. അത് എപ്പോഴത്തെ കഥയാണ്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മുമ്പിലത്തെ കഥയാണ്.

NIGHT SOIL—TRICHUR MUNICIPALITY—DISPOSAL OF

ശ്രീ. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട് ദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിലെ മലം വെള്ളാനിക്കര ആൻറുതട്ടിൽ റബ്ബർതോട്ടത്തിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതിനുള്ള മുനിസിപ്പാലിറ്റിയുടെ പദ്ധ

LIBRARY ARCHIVES Kerala Legislative Assembly